**<u>ധനകാര്യം</u>**

## <u>2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്മേലുള്ള പൊതു ചർച്ച</u>

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, സസ്പെന്റ് ചെയ്ത ബഹുമാനപ്പെട്ട മെമ്പർമാർ ചെയർ പുറത്തുപോകണമെന്ന് പറഞ്ഞിട്ട് പുറത്തുപോകുന്നില്ല. അങ്ങ് അവരെ ബലമായി മാറ്റണമെന്ന് ഞാൻ ഒരിക്കലും പറയില്ല. കാരണം, കഴിഞ്ഞ ദിവസം സഭയിലുണ്ടായ അനിഷ്ടസംഭവങ്ങൾ ഇനി ആവർത്തിക്കരുത്. നമ്മുടെ നാടിന് ഇനിയൊരു അപമാനമുണ്ടാകരുത് എന്നുള്ള സാഹചര്യത്തിൽ, പ്രതിപക്ഷം ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കില്ല എന്നും പറഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ച ഇവിടെ അവസാനിപ്പിച്ച് സഭ പിരിയണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

ധനകാര്യ വകുപ്പുമന്ത്രി, ശ്രീ. കെ. എം. മാണി ബഡ്ജറ്റിനെ സംബന്ധിച്ച് ഒരു വാക്ക് മറുപടി പറയുന്നതാണ്. സഭ അത് അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): ……..ബഹളം…………..സർ, അരി, അരി ഉൽപ്പന്നങ്ങൾ, ഗോതമ്പ് എന്നിവയ്ക്ക് ഏർപ്പെടുത്തിയ ഒരു ശതമാനം നികുതിയും മൈദ, ആട്ട, സൂചി, റവ

എന്നിവയ്ക്ക് ഏർപ്പെടുത്തിയിരുന്ന അഞ്ച് ശതമാനം നികുതിയും പഞ്ചസാരയ്ക്ക് ഏർപ്പെടുത്തിയ രണ്ട് ശതമാനം നികുതിയും വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയ ഒരു ശതമാനം നികുതിയും ഞാൻ ഇതിനാൽ പിൻവലിക്കുന്നു. 260 കോടി രൂപയുടെ നികുതിയിളവ് ഇതിനാൽ പ്രഖ്യാപിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അനൗൺസ് ചെയ്തത് കേരളത്തിലെ ജനങ്ങൾ ആഗ്രഹിച്ച തീരുമാനങ്ങളാണ്. 260 കോടിരൂപയുടെ നികുതിയാണ് അദ്ദേഹം പിൻവലിച്ചിരിക്കുന്നത്. കേരളത്തിലെ ജനങ്ങൾ ആഗ്രഹിച്ചത് അദ്ദേഹം നിറവേറ്റിയിരിക്കുന്നു. അതിൽ എനിക്ക് സന്തോഷമുണ്ട്.

സഭയിൽ സംജാതമായിട്ടുള്ള പ്രത്യേക സാഹചര്യം പരിഗണിച്ച് ഇന്നും മാർച്ച് 17, 18 എന്നീ തീയതികളിലും നടത്താൻ നിശ്ചയിച്ചിരുന്ന ബഡ്ജറ്റിന്മേലുള്ള പൊതു ചർച്ച ഇന്ന് ഒരു ദിവസത്തേക്കുമാത്രമായി ചുരുക്കണമെന്നും മാർച്ച് 17 മുതൽ 20 വരെ സഭ ചേരേണ്ടതില്ലെന്നും മാർച്ച് 23-ാം തീയതി സഭ ചേർന്ന് വോട്ട് ഓൺ അക്കൗണ്ട് ചർച്ച ചെയ്യണമെന്നും അന്നേദിവസം തന്നെ മാർച്ച് 19-ന് നിശ്ചയിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലും മാർച്ച് 24-ാം തീയതി പരിഗണിക്കാൻ നിശ്ചയിച്ചിരുന്ന കേരള ധനവിനിയോഗ

(വോട്ട് ഓൺ അക്കൗണ്ട് ബില്ലും) ബന്ധപ്പെട്ട നിയമസഭാ ചട്ടങ്ങൾ ഇളവുചെയ്ത് സഭ പരിഗണിക്കണമെന്നും ഈ സഭ തീരുമാനിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു.

ഓർഡർ....... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് മാസം 23-ാം തീയതി രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 മാർച്ച് 23-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.03-ന് പിരിഞ്ഞു.)

---------------